# 'പലിശ നിരക്ക് കുറയ്ക്കും, വായ്പ നടപടികൾ വേഗത്തിലാക്കും'

**സഞ്ജീവ് കൗശിക് ഐ.എ.എസ്,** ചെയർമാൻ & മാനേജിംഗ് ഡയറക്റ്റർ, കെ.എഫ്.സി

KFC Kerala Financial Corporation
we finance your dream



*കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി) മുഖച്ഛായ അടിമുടി പൊളിച്ചെഴുതുകയാണ് കോർപ്പറേഷന്റെ പുതിയ ചെയർമാൻ & മാനേജിംഗ് ഡയറക്ടറായി ചുമതലയേറ്റെടുത്ത* ***സഞ്ജീവ് കൗശിക് ഐ.എ.എസ്.*** *വായ്പാ പലിശ നിരക്ക് വെട്ടിക്കുറയ്ക്കൽ, വ്യവസായ സൗഹൃദ സമീപനം, സ്റ്റാർട്ടപ്പുകൾക്കായി പുതുമയാർന്ന വായ്പാ പദ്ധതികൾ, പീഡിത യൂണിറ്റുകൾക്ക് ഏറ്റവും ഉദാരമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയ നിരവധി നടപടികളിലൂടെ കെ.എഫ്.സി അതിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തിക്കൊണ്ട് വലിയൊരു കുതിപ്പിനായി തയ്യാറെടുക്കുകയാണ്. സംസ്ഥാനത്തെ വ്യവസായ വാണിജ്യ മേഖലകളുടെ വളർച്ചയ്ക്കൊപ്പം സംരംഭകർക്കിടയിൽ കെ.എഫ്.സിക്ക് ഒരു മാനുഷിക മുഖം പകർന്ന് നൽകാനാണ് പുതിയ സിഎംഡിയുടെ പരിശ്രമം. അദ്ദേഹവുമായുള്ള അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ.*

**? പുതിയ സാമ്പത്തിക വർഷത്തിൽ കെ.എഫ്.സി നടപ്പാക്കാനുദ്ദേശിക്കുന്ന സുപ്രധാന പദ്ധതികൾ എന്തൊക്കെയാണ്?**

▶ കേരളത്തിലെ എം.എസ്.എം.ഇ മേഖലയുടെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സ്ഥാപനമാണ് കെ.എഫ്.സി. ഈ മേഖലയുടെ സമഗ്ര പുരോഗതിയാണ് ഞങ്ങളുടെ പ്രധാന ഉദ്ദേശ്യം. ലാഭമുണ്ടാക്കുകയെന്നത് രണ്ടാമത്തെ ഘടകം മാത്രമാണ്. അതിനാൽ കൂടുതൽ മൽസരക്ഷമത നേടുക, മികച്ച വായ്പാ പ്രൊപ്പോസലുകൾ കണ്ടെത്തുക, സമയബന്ധിതമായി ഉപഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുക എന്നീ മൂന്ന് സുപ്രധാന തന്ത്രങ്ങളിലൂടെ കെ.എഫ്.സിയെ പുനർനിർമിച്ച് കൂടുതൽ സജീവമാക്കാനൊരുങ്ങുകയാണ് ഞങ്ങൾ. വിപണിയിൽ ഇതേവരെ ഞങ്ങൾ മത്സരക്ഷമത നേടിയിരുന്നില്ല. ബാങ്കുകൾ 8.5 മുതൽ 9 ശതമാനം പലിശയ്ക്ക് വായ്പ നൽകുമ്പോൾ ഞങ്ങളുടെ പലിശ നിരക്ക് 14 മുതൽ 16 ശതമാനം വരെയാണ്. മതിയായ യോഗ്യതയില്ലാത്തവർക്ക് കൊളാറ്ററൽ സെക്യൂരിറ്റിയുടെ ബലത്തിൽ വായ്പ നൽകിയതിനാലാണ് കിട്ടാക്കടം വർധിച്ചത്. അതിനാൽ കെ.എഫ്.സിയെ കൂടുതൽ മത്സരക്ഷമമാക്കി ഉപഭോക്തൃ സൗഹൃദമാക്കിത്തീർക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

**? വിപണിയിലെ കടുത്ത മത്സരത്തെ എങ്ങനെയായിരിക്കും കെ.എഫ്.സി പ്രതിരോധിക്കുക?**

▶ ഇപ്പോൾ നിലവിലുള്ള പി.എൽ.ആർ ലെൻഡിംഗ് സംവിധാനത്തിൽ നിന്ന് ബേസ് റേറ്റ് സംവിധാനത്തിലേക്ക് മാറാൻ ഞങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. പി.എൽ.ആർ നിരക്ക് 14.5 ശതമാനമായിരുന്നെങ്കിൽ ബേസ് റേറ്റ് 9.5 ശതമാനമായി കോർപ്പറേഷൻ നിശ്ചയിച്ചിട്ടുണ്ട്. പലിശ നിരക്കിൽ അഞ്ച് ശതമാനത്തിന്റെ കുത്തനെയുള്ള കുറവാണ് ഇതിലൂടെ ഞങ്ങൾ വരുത്തിയിരിക്കുന്നത്. മുൻപുണ്ടായിരുന്ന 14 - 16 ശതമാനത്തെ അപേക്ഷിച്ച് ഇനിമുതൽ ഉപഭോക്താക്കളുടെ റേറ്റിംഗ് പ്രകാരം 10 - 12 ശതമാനമായിരിക്കും ഞങ്ങളുടെ പലിശ നിരക്ക്. 2018 ജൂൺ മുതൽ പുതിയ പലിശ നിരക്ക് നടപ്പാക്കും. കൂടുതൽ മികച്ച ഉപഭോക്താക്കളെ ആകർഷിക്കുന്നതിനും ബിസിനസ് നേടുന്നതിനുമൊക്കെ മൽസരക്ഷമമായ പലിശ നിരക്ക് കോർപ്പറേഷനെ സഹായിക്കും.

> **കൂടുതൽ മൽസരക്ഷമത നേടുക, മികച്ച വായ്പാ പ്രൊപ്പോസലുകൾ കണ്ടെത്തുക, സമയബന്ധിതമായി ഉപഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുക എന്നീ മൂന്ന് സുപ്രധാന തന്ത്രങ്ങളിലൂടെ കെ.എഫ്.സിയെ പുനർനിർമിക്കും**

**? വായ്പാ രംഗത്ത് വരുത്തുന്ന മറ്റ് സുപ്രധാന മാറ്റങ്ങൾ?**

▶ മികച്ച വായ്പാ പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി സെൻട്രലൈസ്ഡ് അപ്രൈസൽ സംവിധാനം കെ.എഫ്.സി നടപ്പാക്കുകയാണ്. ഇതിനായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മൂന്ന് സോണുകൾ കേന്ദ്രീകരിച്ച് മൂന്ന് ക്രെഡിറ്റ് അപ്രൈസൽ ഹബ്ബുകൾ ഞങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വിശദമായ അപ്രൈസൽ നിർവ്വഹിക്കുന്നതിനായി മൂന്ന് പ്രത്യേക ടീമുകളും അവിടെയുണ്ടാകും. കൂടാതെ സെൻട്രലൈസേഷൻ, ജീവനക്കാർക്കുള്ള പരിശീലനം എന്നിവയിലൂടെ അപ്രൈസലിനുള്ള കഴിവ് മെച്ചപ്പെടുത്തി മികച്ച പ്രൊപ്പോസലുകൾ കണ്ടെത്താനുമാകും. ഒരു പ്രൊപ്പോസൽ നൽകിക്കഴിഞ്ഞാൽ രണ്ടാഴ്ചക്കുള്ളിൽ തന്നെ അത് പരിഗണിക്കുമോ ഇല്ലയോ എന്ന് അറിയിക്കും. പരിഗണിക്കുകയാണെങ്കിൽ അടുത്ത മൂന്ന് ആഴ്ചയ്ക്കുള്ളിൽ അന്തിമ അനുമതിയും നൽകുന്നതാണ്. അതായത് പ്രൊപ്പോസൽ നൽകി 30 ദിവസത്തിനുള്ളിൽ തന്നെ ഞങ്ങൾ വായ്പ അനുവദിക്കുമെന്നർത്ഥം.

**? കോർപ്പറേഷൻ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ?**

▶ കെ.എഫ്.സിയുടെ ബാലൻസ് ഷീറ്റ് ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം. കിട്ടാക്കടം കുറയ്ക്കുന്നതിനായി റിക്കവറി നടപടികൾക്കൊപ്പം വളരെ ഉദാരമായൊരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും (ഒ.ടി.എസ്) ആവശ്യമുണ്ടെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് വൺടൈം സെറ്റിൽമെന്റ് അദാലത്ത് സ്കീം എന്ന പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. ഈ പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഏപ്രിൽ 21 വരെ സ്വീകരിക്കും. മെയ് 8, 9 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് കെ.എഫ്.സി സംഘടിപ്പിക്കുന്ന ബിസിനസ് കോൺക്ലേവിൽ മുഖ്യമന്ത്രിയും ധനമന്ത്രിയും പങ്കെടുക്കും. കെ.എഫ്.സി ഡയറക്റ്റർമാർക്ക് പുറമേ ഒരു റിട്ട. ജില്ലാ ജഡ്ജിയും അദാലത്തിൽ പങ്കെടുക്കും. 500 കോടി രൂപയാണ് കോർപ്പറേഷന്റെ കിട്ടാക്കടം. മുൻപ് എഴുതിത്തള്ളിയ ക്ലോസ്ഡ് എക്കൗണ്ടുകൾക്ക് പുറമേ ഇപ്പോൾ സബ് സ്റ്റാൻഡേർഡായിട്ടുള്ള എൻ.പി.എ എക്കൗണ്ടുകളും അദാലത്തിൽ പരിഗണിച്ച് തീർപ്പാക്കുമെന്നതിനാൽ കിട്ടാക്കടത്തിന്റെ തോത് കുറയുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

**? നടപ്പ് സാമ്പത്തിക വർഷത്തെ പുതിയ ടാർജറ്റുകൾ?**

▶ കഴിഞ്ഞ സാമ്പത്തിക വർഷം ഞങ്ങൾ ഏകദേശം 800 കോടി രൂപയുടെ പുതിയ വായ്പകൾ അനുവദിക്കുകയും 600 കോടിയിലധികം വിതരണം നടത്തുകയും ചെയ്തു. കൂടാതെ 950 കോടി രൂപയുടെ റിക്കവറിയും നടത്തുകയുണ്ടായി. ഇവയിലൊക്കെ ഇപ്പോൾ 50 ശതമാനം വർധന ഞങ്ങൾ പ്രതീക്ഷിക്കുന്നു. നടപ്പ് വർഷത്തെ ടാർജറ്റുകൾ നിശ്ചയിച്ചിട്ടില്ലെങ്കിലും ഏകദേശം 1200 കോടി രൂപയുടെ പുതിയ വായ്പകൾ അനുവദിക്കുന്നതിനും 1500 കോടി രൂപയുടെ റിക്കവറിയുമാണ് ഉദ്ദേശിക്കുന്നത്. കെ.എഫ്.സിക്ക് എല്ലാ ജില്ലകളിലും സാന്നിധ്യമുണ്ട്. എന്നാൽ ബിസിനസ് വർധിപ്പിക്കുന്നതിനായി പുതിയൊരു മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കുകയും അതിലേക്കായി ബിസിനസ് ഡെവലപ്മെന്റ് എക്സിക്യൂട്ടിവുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പുതിയതും നിലവിലുള്ളതുമായ വിവിധതരം ഉപഭോക്താക്കളെ കണ്ടെത്തി ബിസിനസ് വികസിപ്പിക്കുന്നതിന് ഈ സംവിധാനം സഹായകരമായേക്കും.

**? സ്റ്റാർട്ടപ്പുകൾക്കായുള്ള പ്രത്യേക വായ്പാ പദ്ധതികൾ?**

▶ സ്റ്റാർട്ടപ്പുകൾക്ക് വേണ്ടി രണ്ട് പുതിയ പദ്ധതികൾക്ക് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. വരുന്ന ബിസിനസ് കോൺക്ലേവിൽ വച്ച് മുഖ്യമന്ത്രി അവ ലോഞ്ച് ചെയ്യും. സ്റ്റാർട്ടപ്പുകൾക്കുള്ള പർച്ചേസ് ഓർഡറിന്റെ അടിസ്ഥാനത്തിൽ ഒരു കോടി രൂപ വരെ വായ്പ നൽകുന്ന പർച്ചേസ് ഓർഡർ റീഫൈനാൻസ് സ്കീമാണ് ഒരു പദ്ധതി. ഇതിന് കൊളാറ്ററൽ സെക്യൂരിറ്റിയുടെ ആവശ്യമില്ല. വെഞ്ചർ കാപ്പിറ്റൽ ഫണ്ടുകളുടെ ഓഹരി പങ്കാളിത്തം നേടിയിട്ടുള്ള സ്റ്റാർട്ടപ്പുകൾക്കായി വെഞ്ചർ ഡെറ്റ് സ്കീം എന്നൊരു പദ്ധതിയും നടപ്പാക്കുന്നുണ്ട്. കേരളത്തിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു വായ്പാ പദ്ധതി നിലവിൽ വരുന്നത്. ഐ.ടി, ബയോടെക്നോളജി, റോബോട്ടിക്സ് തുടങ്ങിയ നൂതന മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സിയുടെ പുതിയ വായ്പാ പദ്ധതികൾ പ്രയോജനപ്പെടും. ■